"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര മാസ്റ്റർപ്ലാനിന് അന്തിമ അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.185/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-

1. 17.05.2012 ലെ സ.ഉ.(സാധാ.) നം. 1376/2012 തസ്വഭവ
2. 20.10.2020 ലെ സ.ഉ.(കൈ.) നം. 159/2020/തസ്വഭവ
3. 31.08.2021 ലെ സ.ഉ.(കൈ.) നം. 188/2021/തസ്വഭവ
4. 06.12.2021 ലെ സ.ഉ.(കൈ.) നം. 290.2021/തസ്വഭവ
5. 18.05.2022 ലെ സ.ഉ.(കൈ.) നം.103/2022/തസ്വഭവ.
6. നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ 26.04.2023 ലെ സാധാരണ കൗൺസിൽ തീരുമാനം നം.1.
7. നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയുടെ 21.06.2023 തീയതിയിലെ E5/E1/26999/15 നമ്പർ കത്ത്.
8. 18.08.2023 തീയതിയിലെ മുഖ്യനഗരാസൂത്രകന്റെ(പ്ലാനിംഗ്) എൽ.എസ്.ജി.ഡി./പിഡി/19365/2023-ടിസിപി ബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാസ്റ്റർപ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന ഒന്നാം ഘട്ട പരിപാടിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര പട്ടണത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പരാമർശ ഉത്തരവ്1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 36 (1)-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ പാലിച്ച് തയ്യാറാക്കിയിട്ടുള്ള നെയ്യാറ്റിൻകര മാസ്റ്റർ പ്ലാനിന് ആക്റ്റിന്റെ 36 (3)-ാം വകുപ്പ് പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി, പരാമർശം (2), (3), (4) എന്നീ ഉത്തരവുകൾ പ്രകാരം നൽ കിയിട്ടുള്ളതും തുടർന്ന് മാസ്റ്റർപ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു കൊണ്ട് നഗരസഭ 22.12.2021 തീയതിയിൽ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കേണ്ട സമയപരിധി 19.08.2022 വരെ

ദീർഘിപ്പിച്ചുകൊണ്ട്, പരാമർശം (5) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(2) കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധികരിച്ചതിനെ തുടർന്ന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ 32-ാം വകുപ്പ് പ്രകാരമുള്ള മാസ്റ്റർ പ്ലാൻ കമ്മിറ്റി/സ്പെഷ്യൽ കമ്മിറ്റി മാസ്റ്റർ പ്ലാനിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് സമർപ്പിച്ച റിപ്പോർട്ട്, നെയ്യാറ്റിൻകര മാസ്റ്റർ പ്ലാനിന്മേലുള്ള District Planning Committee യുടെ അഭിപ്രായം, കൂടാതെ വികസന നിയന്ത്രണങ്ങൾ, റോഡിന്റെ വീതി നിർദ്ദേശം, മേഖല നിർദ്ദേശങ്ങൾ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ കൗൺസിൽ അംഗീകരിക്കുകയും 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 36(8)-ാം വകുപ്പ് പ്രകാരം അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി പരാമർശം (6) പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര മാസ്റ്റർ പ്ലാനിനു അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിനായി പരാമർശം (7) പ്രകാരം നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

(3) 2016 -ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36 പ്രകാരവും 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ 21-ാം ചട്ടപ്രകാരവുമുള്ള മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, നെയ്യാറ്റിൻകര നഗരസഭ കൗൺസിലിന്റെ തീരുമാനം പരിഗണിച്ച് നെയ്യാറ്റിൻകര മാസ്റ്റർപ്ലാൻ - 2038 ന് സർക്കാരിന്റെ അന്തിമ അംഗീകാരം നൽകാവുന്നതാണെന്ന് മുഖ്യനഗരാസൂത്രകന്റെ പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് നഗരസഭ കൗൺസിലിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിഗണിക്കുമ്പോൾ പ്രസിദ്ധീകൃത മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിന്റെ ഭാഗമായ നടപടികളിൽ ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയ്ക്ക് കാലതാമസം ഉണ്ടായിട്ടുള്ളത്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(11), 38 എന്നിവ പ്രകാരം സാധൂകരിക്കാവുന്നതാണെന്നും മുഖ്യനഗരാസൂത്രകന്റെ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, നെയ്യാറ്റിൻകര നഗരസഭയുടെ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ച്, നെയ്യാറ്റിൻകര മാസ്റ്റർപ്ലാനിന് 2016 -ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(8) പ്രകാരം അന്തിമ അംഗീകാരം നൽകിക്കൊണ്ടും സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് നഗരസഭ കൗൺസിലിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിഗണിച്ച്, പ്രസിദ്ധീകൃത നെയ്യാറ്റിൻകര മാസ്റ്റർപ്ലാൻ അന്തിമമാക്കുന്നതിന്റെ ഭാഗമായ നടപടികളിൽ ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയ്ക്ക് ഉണ്ടായ കാലതാമസം, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(11), 38 എന്നിവ പ്രകാരം സാധൂകരിച്ച് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bijukumar T
Date: 25-10-2023 16:16:42
സെക്ഷൻ ഓഫീസർ